കേരള വനവികസന  കോർപ്പറേഷൻ ലിമിറ്റഡ്
ഗവി ഡിവിഷൻ

DMG/V-83/2016 25.05.2024

**ക്വട്ടേഷൻ /ലേലം**

കേരള വനവികസന  കോർപ്പറേഷൻ ലിമിറ്റഡ് ഗവി ഡിവിഷനിലുള്ള 2008 മോഡൽ മഹീന്ദ്ര പിക്ക് അപ്പ്  2009 മോഡൽ മോട്ടോർ സൈക്കിളുകൾ (4 എണ്ണം) സ്ക്രാപ്പ് ഇനത്തിൽ 11.06.2024 തീയതിയിൽ കേരള വനവികസന  കോർപ്പറേഷൻ ഗവി ഡിവിഷനാഫീസിൽ വെച്ച് ക്വട്ടേഷൻ  /ലേലം നടത്തി വിൽക്കുന്നതാണ്. അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 12.06.2024, 13.06.2024-ൽ നടത്തുന്നതാണ്. ടി പരസ്യ ലേലത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽതുക ലേലം കൊള്ളുന്ന  / ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും . ലേലത്തിനാവശ്യമായ നിരത ദ്രവ്യം പണമായോ ഡിഡി  ആയോ ലേലം ആരംഭിക്കുന്നതിന് മുൻപായി കെട്ടി വയ്ക്കേണ്ടതാണ്. ലേലം പൂർത്തിയായാലുടൻ ക്വട്ടേഷൻ തുറക്കുന്നതും കൂടുതൽ  തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച / ലേലം വിളിച്ച ആളുടെ പേർക്ക് ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്നതുമാണ്. വാഹനങ്ങളുടെ വിശദ  വിവരം താഴെ നൽകുന്നു.

1. 2008 മോഡൽ മഹീന്ദ്ര പിക്ക് അപ്പ്
   Basic auction value Rs. 40,000/- + 18%GST

   EMD – Rs. 2000/-
2. 2009 മോഡൽ മോട്ടോർ സൈക്കിൾ ഹോണ്ട ഷൈൻ
   Basic auction value Rs. 3000/- + 18% GST

   EMD – Rs. 150/-

# ലേല / ടെൻഡർ വ്യവസ്ഥകൾ

1. 11.06.2024 രാവിലെ 11 AM –ന് ഗവി ഡിവിഷൻ ഓഫീസിൽ വച്ച് ഡിവിഷണൽ മാനേജരോ അദ്ദേഹം നിയോഗിക്കപെട്ട ഉദ്യോഗസ്ഥനോ ക്വട്ടേഷൻ/ലേലം നടത്തുന്നതാണ്.

2. ക്വട്ടേഷൻ/ലേലത്തിന് മുൻപായി വാഹനം (ലേലവസ്തു) കണ്ടു പരിശോധിച്ചു അതിന്റെ അവസ്ഥ ബോധ്യപ്പെടേണ്ടതാണ്.

3. ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ലേല തീയതി രാവിലെ 11 AM മണിക്ക് മുൻപായി ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

4. ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി ക്വട്ടേഷൻ തുറക്കുന്ന സമയത്തു ഹാജരായിരിക്കേണ്ടതാണ്. ഏറ്റവും ഉയർന്ന വില പരാമർശിക്കുന്ന ആൾക്കായിരിക്കും ലേലം ഉറപ്പിച്ചു നൽകുന്നത്.

5. ക്വട്ടേഷൻ /ലേലത്തിന് മുൻപായി നിരത ദ്രവ്യം കെ,എഫ്,ഡി,സിയിൽ ഒടുക്കേണ്ടതാണ്. നിരത ദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ക്വട്ടേഷനും പരിഗണിക്കുന്നതല്ല.

6. ക്വട്ടേഷൻ /ലേലത്തിന് ശേഷം വാഹനം (സ്ക്രാപ്പ്) ക്വട്ടേഷൻ /ലേലത്തിൽ പിടിച്ചയാൾ മൊത്തം ലേലതുകയുടെ മൂന്നിലൊന്നു തുക അന്നുതന്നെ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.

7. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പുകിട്ടി ദിവസത്തിനുള്ളിൽ ബാക്കി ലേലതുകയും ബാധകമായ എല്ലാ നികുതികളും കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.

8. നിശ്ചിത തീയതിക്കകം ലേലതുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം കൊണ്ടായാൾ കോർപ്പറേഷനിൽ ഒടുക്കിയിട്ടുള്ള തുക മുഴുവനും കണ്ടുകെട്ടി കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതും പിന്നീട് പ്രസ്തുത ലേലം റദ്ദ ചെയ്തതായി പരിഗണിച്ചു ടി വാഹനം മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്തു വിൽക്കുന്നതായിരിക്കും.

9. കാരണം കാണിയ്ക്കാതെ ഏതൊരു വ്യക്തിയുടെയോ /സ്ഥാപനത്തിന്റെയോ ക്വട്ടേഷൻ /ലേലം നിരസിക്കുന്നതിനുള്ള അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

10. സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

11. ലേലത്തിന് മുൻപായി തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

12. ക്വട്ടേഷൻ /ലേലം സംബന്ധ മായ കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിൽ നിന്നും പ്രവൃ ത്തി ദിവസങ്ങളിൽ ഓഫീസിൽ സമയത്തു (രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ). വിവരങ്ങൾക്ക് www.kfdc.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ നമ്പർ 8289821300,828982130,8289821405.

13. ലേല തുക തൃപ്തികരമല്ലെങ്കിൽ ലേലം റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം ബന്ധപെട്ട ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

.

വിശ്വസ്തതയോടെ

,

(ഒപ്പ് )
ഡിവിഷണൽ മാനേജർ

പകർപ്പ്

1. നോട്ടീസ് ബോർഡ് ഗവി ഡിവിഷൻ ഓഫീസ്
2. നോട്ടീസ് ബോർഡ് ടി.എഫ്.സി കുമിളി, വള്ളക്കടവ്  ഓഫീസ്
2. മാനേജർ ഗവി,പമ്പ , ഇക്കോട്ടൂറിസം , വാഗമൺ ഗവി അറിവിലേക്ക്